## പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 2202 — 18.06.2013-ൽ മറുപടിക്ക്

### ഗൃഹശ്രീ ഭവന പദ്ധതി മുഖേനയുള്ള ധനസഹായം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. പി. വിൻസെന്റ്:<br>,, എ. പി. അബ്ദുള്ളക്കുട്ടി:<br>,, ബെന്നി ബെഹനാൻ:<br>,, ആർ. സെൽവരാജ്: | ശ്രീ. കെ. എം. മാണി<br>(ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് ഗൃഹശ്രീ ഭവന പദ്ധതി ആരുടെയെല്ലാം പങ്കാളിത്തത്തോടെയാണ് നടപ്പിലാക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | (എ) ഗൃഹശ്രീ ഭവന പദ്ധതി സർക്കാർ സന്നദ്ധ സംഘടന/എൻ.ജി.ഒ/കാരുണ്യവാന്മാരായ വ്യക്തികൾ, ഗുണഭോക്താക്കൾ എന്നിവരുടെ പങ്കാളിത്തത്തോടെയാണ് നടപ്പിലാക്കാനുദ്ദേശിക്കുന്നത്. |
| (ബി) ഏതെല്ലാം വിഭാഗക്കാർക്കാണ് ഈ പദ്ധതി മൂലം പ്രയോജനം ലഭിക്കുന്നത്; വിശദമാക്കുമോ; | (ബി) സ്വന്തമായി 2 സെന്റ് /3 സെന്റ് ഭൂമിയെങ്കിലുമുള്ള ദുർബല (EWS) /താഴ്ന്ന വരുമാന വിഭാഗം (LIG) വിഭാഗത്തിൽപെട്ടവർക്ക് പദ്ധതിയുടെ പ്രയോജനം ലഭ്യമാക്കുന്നതാണ്. ദുർബല വിഭാഗക്കാരിൽ ബി.പി.എൽ പരിധിയിലുള്ളവർക്കും, എ.പി.എൽ പരിധിയിലുള്ളവർക്കും പദ്ധതിയുടെ പ്രയോജനം ലഭ്യമാക്കുന്നതാണ്. |
| (സി) എന്തെല്ലാം ധനസഹായങ്ങളാണ് ഈ പദ്ധതിയിലൂടെ നൽകുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (സി) പദ്ധതിയിലൂടെ താഴെപറയും പ്രകാരം ധനസഹായം ലഭ്യമാക്കുന്നതിനാണ് പദ്ധതി തയ്യാറാക്കിയിട്ടുള്ളത്.<br><br><u>a) ദുർബല വിഭാഗത്തിലെ (EWS) ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള (BPL) കുടുംബങ്ങൾക്കുള്ള പദ്ധതി.</u><br><br>കുറഞ്ഞത് 2 സെന്റ് ഭൂമിയെങ്കിലും ഉള്ള മേൽപറഞ്ഞ വിഭാഗക്കാർക്ക് ടി ഭൂമിയിൽ 30 ച.മീററർ മുതൽ 40 ച.മീ വരെ വിസ്തീർണ്ണമുള്ള വീട് നിർമ്മിക്കുന്നതിന് 4 ലക്ഷം രൂപ നിർമ്മാണച്ചെലവ് കണക്കാക്കിയിട്ടുണ്ട്. |

സർക്കാർ സബ്സിഡി- 2 ലക്ഷം രൂപ
എൻ.ജി.ഒ/സന്നദ്ധസംഘടനാ വിഹിതം/ കാരുണ്യവാന്മാരായ വ്യക്തികൾ- 1 ലക്ഷം രൂപ
ഗുണഭോക്തൃ വിഹിതം - 1 ലക്ഷം രൂപ

<u>b) ദുർബല വിഭാഗത്തിലെ (EWS) ദാരിദ്ര്യരേഖയ്ക്കു താഴെയല്ലാത്ത (APL) കുടുംബങ്ങൾക്കുള്ള പദ്ധതി.(വാർഷിക വരുമാന പരിധി- 1 ലക്ഷം രൂപ)</u>

കുറഞ്ഞത് 2 സെന്റ് ഭൂമിയെങ്കിലും ഉള്ള മേൽപറഞ്ഞ വിഭാഗക്കാർക്ക് ടി ഭൂമിയിൽ 41 ച.മീററർ മുതൽ 50 ച. മീ വരെ വിസ്തീർണ്ണമുള്ള വീട് നിർമ്മിക്കുന്നതിന് 5 ലക്ഷം രൂപ നിർമ്മാണച്ചെലവ് കണക്കാക്കിയിട്ടുണ്ട്.

സർക്കാർ സബ്സിഡി- 2 ലക്ഷം രൂപ
എൻ.ജി.ഒ/ സന്നദ്ധ സംഘടനാ വിഹിതം/ കാരുണ്യവാന്മാരായ വ്യക്തികൾ- 1 ലക്ഷം രൂപ
ഗുണഭോക്തൃ വിഹിതം - 2 ലക്ഷം രൂപ

<u>c) താഴ്ന്ന വരുമാനക്കാർക്കുള്ള (LIG) പദ്ധതി</u>

കുറഞ്ഞത് 3 സെന്റ് ഭൂമിയെങ്കിലും സ്വന്തമായുള്ള താഴ്ന്ന വരുമാനവിഭാഗക്കാർക്ക് (വാർഷിക വരുമാന പരിധി- 2 ലക്ഷം രൂപ) ടി ഭൂമിയിൽ 51 ച.മീററർ മുതൽ 60 ച. മീ വരെ വിസ്തീർണ്ണമുള്ള വീട് നിർമ്മിക്കുന്നതിന് 6 ലക്ഷം രൂപ നിർമ്മാണച്ചെലവ് കണക്കാക്കിയിട്ടുണ്ട്.

സർക്കാർ സബ്സിഡി- 2 ലക്ഷം രൂപ
എൻ.ജി.ഒ/ സന്നദ്ധ സംഘടനാ വിഹിതം/ കാരുണ്യവാന്മാരായ വ്യക്തികൾ- 1 ലക്ഷം രൂപ
ഗുണഭോക്തൃ വിഹിതം - 3 ലക്ഷം രൂപ

സെക്ഷൻ ഓഫീസർ